പൊതുമരാമത്ത് വകുപ്പ് അഴിമതിമുക്തമാക്കാനുള്ള കർമ്മ പദ്ധതികൾ

215 (812) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പൊതുമരാമത്ത് വകുപ്പ് അഴിമതിമുക്തമാക്കാൻ കർമ്മ പദ്ധതികളെന്തെങ്കിലും ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പൊതുമരാമത്ത് വകുപ്പിൽ ഏതൊക്കെ തരത്തിലും തലത്തിലുമുള്ള അഴിമതികളാണ് നിലനിൽക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) അഴിമതി തടയുന്നതിനായി ബന്ധപ്പെട്ട് ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ ചട്ടങ്ങളാണ് പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) നിശ്ചിത കാലാവധിക്കുശേഷം ജോലി പൂർത്തീകരിച്ചു കിട്ടാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നത് ;

(ഇ) വർക്ക് കംപ്ലീഷന് അനുവദിക്കുന്ന സമയപരിധി തീരെ കുറവാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) & (ബി) പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിക്കുന്ന വകുപ്പുതല വിജിലൻസ് വിഭാഗവും സംസ്ഥാന ധനകാര്യ വകുപ്പിന് കീഴിലുള്ള ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗവും ചീഫ് ടെക്നിക്കൽ എക്സാമിനറും സംസ്ഥാന ആഭ്യന്തര വകുപ്പിന് കീഴിലുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗവും വെവ്വേറെ പ്രവർത്തിച്ച് പൊതുമരാമത്ത് വകുപ്പിൽ അഴിമതി തടയുന്നതിനുള്ള ശക്തമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(സി) പൊതുമരാമത്ത് മാന്വൽ പരിഷ്ക്കരണം അന്തിമ ഘട്ടത്തിലാണ്.

(ഡി) നിശ്ചിത കാലാവധിക്കകം ജോലി പൂർത്തീകരിച്ച് കിട്ടുന്നതിന് വേണ്ടി 2-8-2010-ലെ സ.ഉ(ആർ.റ്റി) നമ്പർ 1244/2010/പൊ.മ.വ. പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly